അടിയന്തര പ്രമേയം

## നിയമവിരുദ്ധമായി കുട്ടികളെ കടത്തിക്കൊണ്ടുവന്നത് സംബന്ധിച്ച്

മി. ഡെപ്യൂട്ടി സ്പീക്കർ: സംസ്ഥാനത്തെ ചില യത്തീംഖാനകളുടെ പേരിൽ നടക്കുന്നതായി പറയപ്പെടുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളെ സംബന്ധിച്ച് ഗുരുതരമായിട്ടുള്ള റിപ്പോർട്ടുകൾ പുറത്തുവരികയും സാമൂഹ്യനീതി, ആഭ്യന്തരം എന്നീ വകുപ്പുകൾ പ്രശ്നത്തിൽ നിയമാനുസൃതം ഇടപെടാതിരിക്കുന്നതിലും കേരള ഹൈക്കോടതി ഡിവിഷൻ ബഞ്ച് സർക്കാർ നടപടിയിൽ അതൃപ്തി രേഖപ്പെടുത്തിയിരിക്കുന്നതുമൂലവും ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി. എസ്. സുനിൽകുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

## നിയമവിരുദ്ധമായി കുട്ടികളെ കടത്തിക്കൊണ്ടുവന്നത് സംബന്ധിച്ച്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സർ, ഈ വിഷയവുമായി ബന്ധപ്പെട്ട് രണ്ട് വകുപ്പുകളാണ് മറുപടി നൽകാനുള്ളത്. അതിൽ സാമൂഹ്യനീതി വകുപ്പിന്റെ ഭാഗം ഞാൻ ഇവിടെ വിശദീകരിക്കുകയാണ്. കഴിഞ്ഞ 24, 25 തീയതികളിലായി ഝാർഖണ്ഡ്, ബീഹാർ എന്നീ സംസ്ഥാനങ്ങളിൽനിന്ന് 455 കുട്ടികളെയും വെസ്റ്റ് ബംഗാളിൽനിന്ന് 123 പേരെയും അനാഥാലയങ്ങളിലേയ്ക്കെന്നുപറഞ്ഞ് കൊണ്ടുവരികയും പാലക്കാട്ടുവച്ച് റെയിൽവേ പോലീസ് ഇവരെ കണ്ടെത്തി വിവരം

ജില്ലാ കളക്ടറെയും സാമൂഹ്യനീതി ഓഫീസറേയും അറിയിക്കുകയും ചെയ്തു. സാധാരണഗതിയിൽ ഇത്തരം കാര്യങ്ങൾ വന്നുകഴിഞ്ഞാൽ സാമൂഹ്യനീതി ഓഫീസർ ക്വാസി ജുഡീഷ്യറി ബോഡിയായ സി.ഡബ്ല്യൂ.സി.-യെ അറിയിക്കുകയാണ് ചെയ്യുന്നത്. അതനുസരിച്ച് പാലക്കാട് സി.ഡബ്ല്യൂ.സി. യെ അറിയിക്കുകയും അവിടെനിന്നും കോഴിക്കോട് സി.ഡബ്ല്യൂ. സി.യിലേയ്ക്ക് 242 കുട്ടികളേയും മലപ്പുറം സി.ഡബ്ല്യൂ.സി.യിലേയ്ക്ക് 123 കുട്ടികളേയും അയയ്ക്കുകയും ചെയ്തു. 167 കുട്ടികൾ പാലക്കാട് സി. ഡബ്ല്യൂ.സി.യിൽത്തന്നെ ഉണ്ടായിരുന്നു. സി.ഡബ്ല്യൂ.സി.യുടെ ഉത്തരവുപ്രകാരം രേഖകളുള്ള കുട്ടികളെ ഓർഫനേജിലേയ്ക്കും രേഖകളില്ലാത്ത കുട്ടികളെ തിരിച്ചയയ്ക്കുന്നതിനുമുള്ള നടപടികളെടുക്കാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഇപ്പോൾ പാലക്കാട് സി.ഡബ്ല്യു. സി.യിലുണ്ടായിരുന്ന 33 കുട്ടികൾ രക്ഷകർത്താക്കളോടൊപ്പം തിരിച്ചുപോയി. ഇന്ന് 120 കുട്ടികൾ ഝാർഖണ്ഡിലേക്ക് പോകുകയാണ്. 14 കുട്ടികളുടെ കാര്യത്തിൽ ഇനിയും കൂടുതൽ ഡീറ്റയിൽസ് കിട്ടാനുണ്ട്. അത് കിട്ടിയതിനു ശേഷം അവരെയും തിരിച്ചയയ്ക്കും. കോഴിക്കോട് സി.ഡബ്ല്യു.സി.യിലുള്ള 18 കുട്ടികളൊഴികെയുള്ളവർക്ക് രേഖയുള്ളതുകൊണ്ട് അവരെ തത്കാലം ഓർഫനേജുകളിലേയ്ക്കുതന്നെ അയയ്ക്കാനാണ് സി.ഡബ്ല്യു.സി. പറഞ്ഞിട്ടുള്ളത്. കൂടുതൽ അന്വേഷണം നടത്തി, ഇനിയും തിരിച്ചയക്കേണ്ടവരുണ്ടെങ്കിൽ അതനുസരിച്ചുള്ള നടപടികളെടുക്കും. മലപ്പുറത്തെ സി.ഡബ്ല്യു. സി.യിൽനിന്ന് 64 കുട്ടികളെ തിരിച്ചയച്ചു. ബാക്കിയുള്ള 59 കുട്ടികളുടെ രേഖകൾ പരിശോധിച്ചു വരികയാണ്. ഇവർക്കുവേണ്ടി ചെയ്യേണ്ടുന്ന മറ്റു കാര്യങ്ങളായ ഭക്ഷണം, താമസസൗകര്യം, മെഡിക്കൽ കെയർ എന്നീ കാര്യങ്ങൾ കൃത്യമായി പരിശോധിച്ച് അതിനാവശ്യമായ നടപടികളെടുത്തിട്ടുണ്ട്.

ഝാർഖണ്ഡിലേക്ക് പോകുന്ന കുട്ടികൾക്കുള്ള ടിക്കറ്റ് ഫെയറിനും ഭക്ഷണ ചെലവിനുമായി സാമൂഹ്യ നീതി വകുപ്പ് 10 ലക്ഷം രൂപ സാങ്ഷൻ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ കോടതിയിൽ വന്നിട്ടുള്ള കേസിന്റെ അടിസ്ഥാനത്തിൽ കൗണ്ടർ അഫിഡവിറ്റ് കൊടുക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ഗവൺമെന്റ് കൗണ്ടർ അഫിഡവിറ്റ് തയ്യാറാക്കി വരുന്നുണ്ട്. സാമൂഹ്യ നീതി വകുപ്പിന്റെ ഭാഗത്തുനിന്നും ചെയ്യാൻ സാധിക്കുന്ന പരമാവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. Regulations for the working of the Board of Control constituted under the Orphanages and other Charitable home 1960 എന്ന ആക്ട് പ്രകാരം കുട്ടികളെ കൊണ്ടുവരുന്നതിന് യാതൊരു തരത്തിലുമുള്ള നിയന്ത്രണവും ഉണ്ടായിരുന്നില്ല. പക്ഷേ 2013-ൽ സാമൂഹ്യ നീതി വകുപ്പ് ഇതുസംബന്ധിച്ച് ശക്തമായ നിർദ്ദേശങ്ങൾ കൊടുക്കുകയും നിയമത്തിൽ ഒരു അമന്റ്മെന്റ് കൊണ്ടുവരികയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള രേഖകൾ വേണമെന്ന് തീരുമാനമെടുത്തത്. ഓർഫനേജുകളിലേയ്ക്ക് കുട്ടികളെ കൊണ്ടുവരുന്നതിന് വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വേണമെന്നുപറയുന്ന തീരുമാനം ആദ്യമായി ഉണ്ടായത് 28062013-ൽ ഇറങ്ങിയിട്ടുള്ള ന്യൂ അമന്റ്മെന്റ് അനുസരിച്ചാണ്. അതുകൊണ്ടാണ് രജിസ്ട്രേഷൻ ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കാനുള്ള സാഹചര്യമുണ്ടായത്. പക്ഷേ പല ഓർഫനേജുകൾക്കും ഇതുസംബന്ധിച്ച് കൃത്യമായ ധാരണയില്ലാത്തതുകൊണ്ട് ചിലരെല്ലാം 2013-നുമുമ്പുള്ള രീതിയിൽത്തന്നെ കുട്ടികളെ കൊണ്ടുവരികയാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വിദ്യാഭ്യാസപരമായ കാര്യങ്ങൾക്ക് കുട്ടികളെ ഓർഫനേജുകളിൽ കൊണ്ടുവരുന്നത് നിയമപരമായി മാത്രമേ പാടുള്ളു എന്ന അവബോധമുണ്ടാക്കുന്നതിനും ഈ നിബന്ധന

പാലിക്കപ്പെടുന്നതിനും വേണ്ടി ശക്തമായ നടപടികൾ സാമൂഹ്യ നീതി വകുപ്പ് സ്വീകരിക്കുന്നതാണ്.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഈ പ്രശ്നത്തിന്റെ ഒരു വശം മാത്രമാണ് പറഞ്ഞത്. ഇതുസംബന്ധിച്ച് സംസ്ഥാന പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അത് സംബന്ധിച്ച് ഒരു കാര്യവും ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞില്ല. ഈ ഗവൺമെന്റിന്റെ വിവിധ വകുപ്പുകൾ ഈ പ്രശ്നത്തിൽ വ്യത്യസ്ത നിലപാടാണ് സ്വീകരിക്കുന്നതെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. സാമൂഹ്യ നീതി വകുപ്പിന്റെ സമീപനമല്ല ആഭ്യന്തരവകുപ്പിന്റേത്. രണ്ടു വകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്ത ഒരു നിലയിലേക്ക് ഈ കേസ് കൈകാര്യം ചെയ്യൽ മാറിയിരിക്കുകയാണ്. ഈ സംഭവം സർക്കാരിന് അപമാനകരമാണന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി കഴിഞ്ഞ ദിവസം പരാമർശിക്കുകയുണ്ടായി. ഈ വിഷയത്തിൽ സർക്കാർ കോടതിയിൽ നൽകിയ വിശദീകരണം അപഹാസ്യമാണെന്ന് ചീഫ് ജസ്റ്റീസ് ഡോ. മഞ്ജുള ചെല്ലൂരും ജസ്റ്റീസ് പി. ആർ. രാമചന്ദ്രമേനോനും അടങ്ങുന്ന ഡിവിഷൻ ബഞ്ചാണ് പറഞ്ഞിരിക്കുന്നത്. സംഭവത്തിനുപിന്നിൽ ഉന്നതർ ഉണ്ടെന്നും ഇവരെ രക്ഷിക്കാൻ സർക്കാരിന് എന്താണ് താൽപ്പര്യമെന്നും കോടതി ചോദിച്ചിരിക്കുകയാണ്. ഇത്തരം കാര്യങ്ങൾ ഭയത്തോടെ മാത്രമേ കാണാൻ സാധിക്കുന്നുള്ളൂ എന്ന് സംസ്ഥാനത്തെ നീതിപീഠമാണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാന സർക്കാരിനെതിരെയുള്ള കുറ്റപത്രമായിട്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിരിക്കുന്ന അഭിപ്രായപ്രകടനത്തെ കാണാൻ കഴിയുന്നത്. ഇത് വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണെന്നുമാത്രമല്ല വളരെ

ശ്രദ്ധാപൂർവ്വം കൈകാര്യം ചെയ്യേണ്ടുന്ന ഒരു വിഷയം കൂടി ആണെന്നാണ് എനിക്ക് തോന്നുന്നത്. ഇതുസംബന്ധിച്ച് സാമൂഹ്യ നീതി വകുപ്പ് സ്വീകരിച്ച നടപടികൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. യത്തീംഖാനകളുമായി ബന്ധപ്പെട്ട് നിയമവിരുദ്ധ പ്രവർത്തനങ്ങൾ നട ത്തുന്നുവെന്നുള്ളതാണ് ഇവിടെ ഉയർന്നുവന്നിരിക്കുന്ന ഗൗരവതരമായിട്ടുള്ള റിപ്പോർട്ട്. ഝാർഖണ്ഡ്, ബീഹാർ, ബംഗാൾ തുടങ്ങിയ സംസ്ഥാന ങ്ങളിൽനിന്ന് കുട്ടികളെ കൊണ്ടുവന്നിട്ടുണ്ട് എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഈ കുട്ടികളെ അറവുമാടുകളെപ്പോലെ ട്രെയിനിൽ കുത്തിനി റച്ചാണ് കൊണ്ടുവന്നതെന്നുള്ള റിപ്പോർട്ടുകളാണ് പുറത്തുവന്നിട്ടുള്ളത്. മാതാപിതാക്കളുള്ള കുട്ടികൾ എങ്ങനെയാണ് അനാഥരാണെന്ന നിർവചന ത്തിൽപ്പെടുന്നത്? 33 കുട്ടികളെ രക്ഷിതാക്കളോടൊപ്പം തിരിച്ചയച്ചുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇവിടെ പറഞ്ഞത്. പ്രഥമദൃഷ്ട്യാ നിയമലം ഘനം നടന്നുവെന്നതിന്റെ തെളിവാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ നടത്തി യിട്ടുള്ള പ്രസ്താവന. കൊണ്ടുവന്ന കുട്ടികളെ സംബന്ധിച്ച സർട്ടിഫിക്കറ്റുക ളിലെല്ലാം ഒപ്പിട്ടിരിക്കുന്നത് ഒരാളാണ്. ജനന സർട്ടിഫിക്കറ്റ്, ഡെസ്റ്റിറ്റ്യൂഷൻ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്, ഓർഫനേജുകളിലേ ക്കുള്ള അപേക്ഷകൾ ഇവയെല്ലാം ഒരാൾതന്നെ പൂരിപ്പിച്ച് അയാളുടെ ഒപ്പോ ടുകൂടിയാണ് സമർപ്പിച്ചിരിക്കുന്നത്. ഈ രേഖകൾ പരിശോധിച്ച ഝാർഖണ്ഡിലെ ലേബർ അസിസ്റ്റന്റ് കമ്മീഷണർ പറഞ്ഞിരിക്കുന്നത് ഇത് നിയമാനുസൃതമല്ലായെന്നാണ്. ഝാർഖണ്ഡിൽ വിദ്യാർത്ഥികൾക്ക് ഭക്ഷണം, വസ്ത്രം, പുസ്തകം എന്നിവ സൗജന്യമായി കൊടുക്കുന്നുണ്ടെന്നും അങ്ങ നെയുള്ള സാഹചര്യത്തിൽ എന്തിനാണ് കുട്ടികളെ ഇങ്ങോട്ടേയ്ക്ക് കൊണ്ടു

വന്നത് എന്നുമാണ് ഝാർഖണ്ഡിലെ ഉദ്യോഗസ്ഥൻ ചോദിച്ചിരിക്കുന്നത്. ഈ പ്രവൃത്തി നടത്തിയത് എന്തിനാണ് എന്നുള്ളതാണ് ഇവിടെ ഗൗരവതരമായിട്ടുള്ള പ്രശ്നം. ഝാർഖണ്ഡിലെ ഗോഡാ ജില്ലയിലെ ഒരു ഗ്രാമത്തിൽ നിന്ന് 500 ഓളം കുട്ടികളെ ഇടനിലക്കാരാണ് ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. കുട്ടികളെ ഡോക്ടർമാരും, എഞ്ചിനീയർമാരുമാക്കാം എന്ന് വിശ്വസിപ്പിച്ചു കൊണ്ടാണ് ഇവിടേക്ക് കൊണ്ടുവരുന്നത്. കുട്ടികൾ ഇപ്പോൾ പോലീസ് കസ്റ്റഡിയിലാണെന്ന് അറിഞ്ഞതോടുകൂടി ആ ഗ്രാമത്തിനെ സംബന്ധിച്ചുള്ള റിപ്പോർട്ടുകൾ കഴിഞ്ഞ ദിവസം പല ടെലിവിഷൻ ചാനലുകൾ പുറത്തുവിട്ടിരിക്കുകയാണ്. കടുത്ത ദാരിദ്ര്യം അനുഭവിക്കുന്ന സ്ഥലത്തുനിന്ന് ആളുകളെ പ്രലോഭിപ്പിച്ച് കുട്ടികളെ ഇങ്ങനെ കൊണ്ടുവരുന്നുവെന്ന കാര്യം ഗൗരവതരമായി പരിശോധിക്കണം.. അനാഥാലയങ്ങൾ നടത്തുക എന്നുള്ളത് ഒരു ജീവകാരുണ്യ പ്രവർത്തനം തന്നെയാണ്. അനാഥരായിട്ടുള്ള ധാരാളം ആളുകളെ സഹായിക്കാൻ ഇത്തരം യത്തീംഖാനകൾക്ക് കഴിഞ്ഞിട്ടുണ്ട്, പലരും ഉന്നത സ്ഥാനങ്ങളിൽ എത്തിയിട്ടുമുണ്ട്. അത്തരത്തിലുള്ള പ്രവൃത്തികൾ ചെയ്ത യത്തീംഖാനകളുടെ പങ്കിനെ ആരും കുറച്ചുകാണുന്നില്ല. അതിന്റെ മറവിൽ ഇത്തരത്തിലുള്ള നിയമവിരുദ്ധ പ്രവർത്തനം നടത്തുന്നത് ഒരിക്കലും അനുവദിക്കാൻ പാടില്ലാത്തതാണ്. ഇപ്പോൾ പുറത്തുവന്നിരിക്കുന്ന കാര്യങ്ങൾ പരിശോധിച്ചു നോക്കിയാൽ ഇതിൽ ഗൗരവതരമായിട്ടുള്ള ചില നിയമപ്രശ്നങ്ങളും നിയമ ലംഘനങ്ങളും ഉണ്ടായിട്ടുണ്ടെന്ന് കാണാം. നമുടെ സംസ്ഥാനത്ത് 1387 അഗതി/അനാഥമന്ദിരങ്ങളും 54,000-ത്തിൽപ്പരം കുട്ടികളും ഉണ്ടെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. എന്നാൽ 87 അനാഥാലയങ്ങൾ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്നുവെന്ന് ഗവൺമെന്റ് തന്നെ നിയമ

സഭയിൽ മറുപടി നൽകിയിട്ടുണ്ട്. അവിടെയുള്ള അന്തേവാസികളുടെ കൃത്യമായ കണക്കുകളില്ല എന്ന് കൺട്രോൾ ബോർഡ് തന്നെ പറയുന്നുണ്ട്. 700 രൂപ പ്രതിമാസം സർക്കാർ ഗ്രാന്റുണ്ടെന്നും എന്നാൽ അത് കൃത്യമായി കൊടുക്കുന്നില്ലെന്നും റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ നിയമാനുസൃതമായി ഇത് പ്രവർത്തിപ്പിക്കുക എന്നുള്ളതാണ് എറ്റവും പ്രധാനമായ കാര്യം. അങ്ങനെയുള്ള ഒരു പരിശോധനയും നടത്താൻ ആരും ഇവിടങ്ങളിൽ പോകാറില്ല. രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോ എന്നും നോക്കാറില്ല. നിയമാനുസൃതമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് നോക്കാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ വന്നുചേരുന്നത്. യത്തീംഖാനകളുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള പല ആക്ഷേപങ്ങളിലൊന്ന് ഇങ്ങനെ പാവപ്പെട്ട കുട്ടികളെ കൊണ്ടുവന്ന് അവരെ കാണിച്ച് വിദേശത്തുനിന്ന് പണം സമ്പാദിക്കുന്നുവെന്നതാണ്. ഇങ്ങനെയുള്ള സംഭവങ്ങൾ പരിശോധിച്ചിട്ടുണ്ടോ; ഇത്തരം സ്ഥാപനങ്ങളിൽ അനാശാസ്യ പ്രവർത്തനങ്ങൾ നടക്കുന്നുവെന്ന, ലൈംഗിക പീഡനം നടക്കുന്നു എന്ന ആക്ഷേപം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ? 18 വയസ്സു കഴിഞ്ഞാൽ ഈ കുട്ടികൾ എങ്ങോട്ടാണ് പോകുന്നതെന്ന് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

സാമൂഹ്യനീതി വകുപ്പ് നീതിയാണോ സാമൂഹ്യ ദ്രോഹമാണോ നടപ്പാക്കുന്നത് എന്നത് പരിശോധിക്കേണ്ട കാര്യമാണ്. ഈ രംഗത്ത് പ്രവർത്തിക്കുന്ന കള്ള നാണയങ്ങളെ കണ്ടെത്തുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്. ഇപ്പോഴുണ്ടായിട്ടുള്ള പ്രശ്നം സംബന്ധിച്ച് ഒരു വ്യക്തമായ നിലപാടെടുക്കാൻ ഗവൺമെന്റിന് കഴിയാത്തതെന്തുകൊണ്ടാണ്? അനാഥാലയങ്ങളെ

സംബന്ധിച്ചുള്ള റിപ്പോർട്ടുകളിൽ പലതിലും കുട്ടികളുടെ കണക്കുകൾ സൂക്ഷിക്കുന്നില്ല. കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ചോദിച്ചാൽ അത് ലഭിക്കുന്നില്ല 29-01-2014-ൽ ശ്രീമതി കെ.എസ്. സലീഖ നിയമസഭയിൽ ഈ വിഷയം സംബന്ധിച്ച് ഒരു ചോദ്യം ചോദിച്ചിരുന്നെങ്കിലും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല. ഒരു നിയമസഭാ സാമാജിക ഈ വിഷയം സംബന്ധിച്ച് ഉന്നയിച്ച ചോദ്യത്തിന് ഗവൺമെന്റിന് മറുപടി നൽകാൻ കഴിയാത്തതെന്തുകൊണ്ടാണ്? എന്തൊക്കെയൊ ദുരൂഹത ഇത് സംബന്ധിച്ച് നിലനിൽക്കുന്നുണ്ട് എന്നതല്ലേ ഇത് അർത്ഥമാക്കുന്നത്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന 87 അനാഥാലയങ്ങളുണ്ടെന്ന് മന്ത്രി തന്നെ നിയമസഭയിൽ വെളിപ്പെടുത്തിയിട്ടും ആ അനാധാലയങ്ങളുടെ പേരിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? അനധികൃതമായി പ്രവർത്തിക്കുന്ന അനാഥാലയങ്ങളെ സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ വന്നു. പാലക്കാട് എം.എസ്.ഐ. യത്തീംഖാനയിലെ പെൺകുട്ടിയെ പീഡിപ്പിച്ച കേസ്, പാലക്കാട് മർക്കസ് റഹ്മത്ത് ഇസ്ലാമിയ ഓർഫനേജിലെ പെൺകുട്ടിയുടെ പീഡനവുമായി ബന്ധപ്പെട്ട കേസ്, കണ്ണൂരിലെ പി.എം.എസ്. സുന്നിയ യത്തീംഖാനയിലെ കേസ്, കൊല്ലത്തെ അർപ്പിതാശ്രയ കേന്ദ്രത്തിനെതിരായുള്ള കേസ് തുടങ്ങിയവയിലൊന്നും ഒരും നടപടിയും സ്വീകരിച്ചിട്ടില്ല. ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരമുള്ള എല്ലാ സ്ഥാപനങ്ങളും കർശനമായി സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആ ഉത്തരവും ഇവിടെ കാറ്റിൽ പറത്തിയിരിക്കുകയാണ്. അതൊന്നും പരിഗണിക്കാതെയാണ് ഇത്തരം കാര്യങ്ങൾ നടക്കുന്നുവെന്നതിന്റെ ഏറ്റവും വലിയ തെളിവാണിത്. ഈ കുട്ടികളെ കൊണ്ടുവന്നതു സംബന്ധിച്ച് ആഭ്യന്തരവകുപ്പ് ഐ.പി.സി. 370 പ്രകാരം ഒരു

കേസ് രജിസ്റ്റർ ചെയ്തു. നിർബന്ധിത തൊഴിലിനായി കൊണ്ടുവരുന്നത്, ലൈംഗിക ചൂഷണം, അവയവ വിൽപ്പന തുടങ്ങിയ ആവശ്യങ്ങൾക്കായി കൊണ്ടുവരുന്നതിനാണ് ഐ.പി.സി. 370 പ്രകാരം കേസെടുക്കുന്നത്. അങ്ങ നെയുള്ള ആവശ്യത്തിനുവേണ്ടിയാണ് കുട്ടികളെ കൊണ്ടുവന്നതെന്ന് ഗവൺമെന്റിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? ഇത് മനുഷ്യക്കടത്താണെന്ന് ആദ്യം പറഞ്ഞത് ആഭ്യന്തരവകുപ്പുമന്ത്രിയാണ്. പിന്നീട് അനധികൃത കുടിയേറ്റമാ ണെന്ന് പറഞ്ഞു. മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ ഒരു കുട്ടി വന്ന് പഠിക്കുന്നത് അനധികൃത കുടിയേറ്റമാകുന്നതെങ്ങനെയാണ്? ഇങ്ങനെയുള്ള വ്യാഖ്യാനങ്ങളാണ് ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയത്. കേന്ദ്ര ശിശുക്ഷേമ വകുപ്പുമന്ത്രി ശ്രീമതി മേനക ഗാന്ധിയും ഇത് മനുഷ്യക്കടത്താണെന്ന് പറയു കയുണ്ടായി. മനുഷ്യക്കടത്താണെന്നാണ് ഝാർഖണ്ഡ് സംസ്ഥാന ഗവൺമെന്റ് പറയുന്നത്. അനാഥാലായങ്ങളോടനുബന്ധിച്ച് കേരളത്തിലാകെ മനുഷ്യക്കടത്ത് നടത്തുന്നു എന്ന് വെളിപ്പെട്ട സാഹചര്യത്തിൽ ഇതിന്റെ യഥാർത്ഥ വസ്തുതയെന്താണ്? ആഭ്യന്തരവകുപ്പുമന്ത്രി പറഞ്ഞ അഭിപ്രായ ത്തോട് സാമൂഹ്യനീതി വകുപ്പുമന്ത്രി യോജിക്കുന്നുണ്ടോ? ഈ വിഷയത്തിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിലപാടാണോ ഗവൺമെന്റിനുമുള്ളത്? സാമൂ ഹ്യനീതി വകുപ്പ് ഇത് അംഗീകരിക്കുന്നുണ്ടോ? എനിക്ക് വളരെ അതിശയകര മായി തോന്നിയത്, കേസ് രജിസ്റ്റർ ചെയ്തുകഴിഞ്ഞ് വിവാദങ്ങളുണ്ടാ യപ്പോൾ ഭരണകക്ഷിയായ മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി പറഞ്ഞത് ഇങ്ങനെയൊരു വകുപ്പ് ചാർജ് ചെയ്യാൻ അനുവദിക്കില്ലെന്നാണ്. ഉടനെ മുഖ്യമന്ത്രി ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗം വിളിച്ചുകൂട്ടി പറഞ്ഞത് ഇതൊന്നും ഇപ്പോൾ വേണ്ട എന്നാണ്. ഒരു കേസിൽ ഏത് വകുപ്പ് ചാർജ് ചെയ്യണമെന്ന് തീരുമാനിക്കുന്നത് മുഖ്യമന്ത്രിയാണോ; ഒരു സംഭവത്തിൽ

ഏത് വകുപ്പുപ്രകാരം കേസെടുക്കണമെന്ന് തീരുമാനിക്കുന്നതിനുള്ള അവകാശം പോലീസ് വകുപ്പിനില്ലേ? ഇവിടെ ആരാണ് ഇതുസംബന്ധിച്ച് തീരുമാനമെടുക്കുന്നത്? ഇപ്പോൾ ആകെ നാഥനില്ലാത്ത സ്ഥിതിയായി. ഒരു വിഷയത്തിൽ ഏത് വകുപ്പുപ്രകാരം കേസെടുക്കണമെന്ന കാര്യത്തിൽ ഇടപെടുന്ന സ്ഥിതി നമ്മുടെ സംസ്ഥാനത്തെങ്ങനെയുണ്ടായി?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... 11 മിനിട്ടായി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ വേഗം അവസാനിപ്പിക്കാം. ഈ വിഷയം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ് വന്നു. ഇതുപോലുള്ള പ്രധാനപ്പെട്ട വിഷയങ്ങൾക്ക് ഹൈക്കോടതിയിൽ അഡ്വക്കേറ്റ് ജനറലാണ് ഹാജരാകേണ്ടത്. ഇവിടെ ഭൂമി സംബന്ധമായ കേസുണ്ടായപ്പോൾ ഹൈക്കോടതിയിൽ സലീം രാജിനുവേണ്ടി അഡ്വക്കേറ്റ് ജനറൽ രാവിലെയും വൈകിട്ടും ഹാജരായി. ഈ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ ഹൈക്കോടതിയിൽ ഹാജരാകാത്തത് എന്തുകൊണ്ടാണ്? സാമൂഹ്യ നീതി വകുപ്പിന്റെ താല്പര്യം സംരക്ഷിക്കാനായി അഡീഷണൽ അഡ്വക്കേറ്റ് ജനറലായ ജലീലിനെ അയച്ചു. ഇത്തരം കാര്യങ്ങളിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുന്നതിനുപകരം വകുപ്പുകൾ തമ്മിലുള്ള തർക്കത്തിന്റെ പേരിൽ ഇതുപോലുള്ള ഗൗരവമായ പ്രശ്നങ്ങൾ പോലും കൈകാര്യം ചെയ്യുന്നതിൽ ഈ ഗവൺമെന്റ് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. ഇത് ഏതെങ്കിലുമൊരു മതത്തിന്റെ വിഷയമായി കാണരുത്. സാമുദായികമായ ചേരിതിരിവുണ്ടാക്കാൻ ചിലർ ശ്രമിക്കുന്നുണ്ട്. ഈ പ്രശ്നം വന്നതോടെ പുറത്തുവന്ന പല പ്രസ്താനവനകളും വ്യക്തമാക്കുന്നത് നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുന്ന സാമുദായികാന്തരീക്ഷത്തെ കലുഷിതമാക്കാൻ ഇത്തരത്തിലുള്ള ചില ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്നാണ്. ഇതിന് സഹായകമാകുന്ന നില

പാട് ഗവൺമെന്റ് സ്വീകരിച്ചതോടുകൂടി അത്തരം ശക്തികൾക്ക് ഉത്തേജനം ലഭിച്ചു. ഇപ്പോൾ അവരെല്ലാവരും ചേർന്ന് രംഗത്ത് വന്നിരിക്കുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷമാണ് കാണുന്നത്. ബഹുമാനപ്പെട്ട സാമൂഹ്യനീതി വകുപ്പുമന്ത്രി അദ്ദേഹമെടുത്ത തീരുമാനത്തെ സംബന്ധിച്ച് പറഞ്ഞത് ശരിയാണ്. 2013-ലാണ് ഇത് ഭേദഗതി ചെയ്ത് റൂളുണ്ടാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ് ഇവിടെനിന്ന് വേണമെന്ന നിബന്ധന കൊണ്ടുവന്നു. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി വരുത്തിയതിന്റെ അടിസ്ഥാനത്തിൽ എന്തുകൊണ്ട് ഇത് നടക്കുന്നില്ല. കുട്ടികളെ കൊണ്ടുവന്നത് സർക്കാർ അനുമതിയോടുകൂടിയാണെന്ന് 03-05-2014-ൽ കേരളകൗമുദി പത്രം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുപ്രകാരം ബഹുമാനപ്പെട്ട മന്ത്രി മസ്ക്കറ്റ് ഹോട്ടലിൽ ഡിസംബർ 23-ന് വിളിച്ചുചേർത്ത യോഗത്തിൽ ഇത് ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ചയിൽ മുക്കം ഓർഫനേജിന്റെ വൈസ് പ്രസിഡന്റ് മുഹമ്മദ് മായിൻ ഹാജി പങ്കെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള നിബന്ധനകൾ മാറ്റി യഥേഷ്ടം കുട്ടികളെ കൊണ്ടുവരാൻ അനുമതി വേണമെന്നാണ് ആ യോഗത്തിൽ ആവശ്യപ്പെട്ടത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടും മുക്കം ഓർഫനേജുകാരുടെ ആവശ്യം ഗവൺമെന്റ് അംഗീകരിച്ചുകൊടുക്കുകയല്ലേ ചെയ്തത്? ഈ ഗവൺമെന്റിന്റെ അറിവോടുകൂടിയാണ് ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് നടക്കുന്നുവെന്നതാണ് എന്റെ ആരോപണം. ഗവൺമെന്റിന് താല്പര്യമുള്ള ആളുകൾ ഇതിൽ ഉൾപ്പെട്ടതുകൊണ്ടാണ് ഒരു നടപടിയുമെടുക്കാൻ സാധിക്കാത്തത്. ആഭ്യന്തര വകുപ്പും സാമൂഹ്യ നീതി വകുപ്പും ഉൾപ്പെടെ ആർക്കും ഒന്നും ചെയ്യാൻ കഴിയാത്ത ഒരു അവസ്ഥ വന്നതോടുകൂടി സംസ്ഥാനത്താകെ ഇത്തരത്തിലുള്ള ഗുരുതരമായ സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. അനാഥാലയങ്ങൾ നിയമാനുസൃ

തമായി പ്രവർത്തിക്കണം. വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ട ആളുകളാണ് അനാഥാലയങ്ങളിൽ പഠിക്കുന്നത്. അനാഥാലയങ്ങൾ മതനിരപേക്ഷമാകാൻ ഗവൺമെന്റ് മുൻകയ്യെടുക്കണം. അനാഥരായ എല്ലാ മതവിഭാഗത്തിൽപ്പെട്ട കുട്ടികളെയും പഠിപ്പിക്കാനുള്ള സംവിധാനമാണ് വേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ, പ്ലീസ് കൺക്ലൂഡ്, 15 മിനിട്ടായി.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അങ്ങ് ആ ചെയറിലിരിക്കുമ്പോൾ നീതി കിട്ടുമെന്നാണ് വിചാരിച്ചത്. ഗവൺമെന്റിന്റെ വിശദീകരണം ലഭിക്കാനാണ് അടിയന്തര പ്രമേയം അവതരിപ്പിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ് .......

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ വേഗം അവസാനിപ്പിക്കാം. ഈ വിഷയം സംബന്ധിച്ച് ഈ ഗവൺമെന്റിന് വ്യക്തതയില്ലാത്തതുകൊണ്ടാണ് ഇത്തരത്തിലുള്ള സ്ഥിതിയുണ്ടായത്. ആഭ്യന്തര വകുപ്പിന്റെ നിലപാടാണോ സാമൂഹ്യനീതി വകുപ്പെടുത്ത നിലപാടാണോ ശരിയെന്ന് ഗവൺമെന്റ് പറയണം. രണ്ടും ശരിയാണെന്ന സമീപനം ഒരു നീതിന്യായ സംവിധാനത്തിന് ഒരിക്കലും അനുവദിക്കാൻ കഴിയില്ല. അതുകൊണ്ട് യഥാർത്ഥ കുറ്റവാളികളെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരുന്നതിനുവേണ്ടി, ഇത്തരത്തിലുള്ള സംഭവങ്ങൾ സംസ്ഥാനത്ത് ആവർത്തിക്കാതിരിക്കാനായി ഗവൺമെന്റ് അടിയന്തരമായി ഇടപെടണം. ഈ പ്രശ്നം ചർച്ച ചെയ്യുന്നതിനുവേണ്ടി ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച്, ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരിക്കുന്ന സന്ദർഭത്തിൽത്തന്നെ പുതിയൊരന്തരീക്ഷമുണ്ടാകാൻ അവസരമുണ്ടാകട്ടെ എന്നു പറഞ്ഞുകൊണ്ട് ഞാൻ ഈ ആവശ്യം ഉന്നയിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, എന്റെ മറുപടിയിൽ രാഷ്ട്രീയം പറയാതിരുന്നതിനുകാരണം ഒന്നാമതായി, ഈ വിഷയം രാഷ്ട്രീയപരമായി രണ്ട് ചേരിയിൽനിന്ന് ചർച്ച ചെയ്യേണ്ട വിഷയമല്ലാത്തതുകൊണ്ടാണ്. സർക്കാരുകൾ മാറിമാറി വരുമെങ്കിലും സർക്കാർ സംവിധാനങ്ങൾ മാറുന്നില്ല. കഴിഞ്ഞ സർക്കാർ രൂപീകരിച്ച സെലക്ഷൻ കമ്മിറ്റി തെരഞ്ഞെടുത്ത സി.ഡബ്ല്യു.സി.-കളാണ് കേരളത്തിലെ പതിനാല് ജില്ലകളിലുമുള്ളത്. ഒരു ഗവൺമെന്റിന്റെ പിന്തുടർച്ചയായതുകൊണ്ട് സി.ഡബ്ല്യു.സി.-യുടെ ഭാഗത്തുനിന്നും അവിവേകമായി എന്തെങ്കിലും ഉണ്ടായി എന്ന് പറയാൻ കഴിയില്ല. രണ്ടാമതായി, ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്തെ ഓർഫനേജ് കൺട്രോൾ ബോർഡുകളാണ് ഇപ്പോഴും പ്രവർത്തിക്കുന്നത്. ഇലക്ഷൻ കഴിഞ്ഞ് പുതിയ നോമിനേഷൻ വന്നെങ്കിൽ മാത്രമേ പുതിയ ഓർഫനേജ് കൺട്രോൾ ബോർഡ് വരികയുള്ളൂ. എന്ത് നിയമമാണ് ലംഘിച്ചതെന്ന് പറയണം. കോടതിയുടെ വിധി എന്റെ കയ്യിലുണ്ട്. കോടതിയിൽ ചർച്ചകൾ വരുമ്പോൾ പരാമർശങ്ങളുണ്ടാകും. അതുപോലെ മുമ്പുണ്ടായ പരാമർശങ്ങളൊക്കെ നിങ്ങൾ കാര്യമായിട്ടെടുത്തിട്ടുണ്ടോ; വിധിയാണ് പരിശോധിക്കേണ്ടത്. കുറച്ച് വിശദാംശം വേണമെന്ന് മാത്രമാണ് വിധിയിൽ പറഞ്ഞിട്ടുള്ളത്. As per the statement of Additional Advocate General out of 588 children, 46 children are already sent to their respective State and 31 children are sent back with

their parents. Everything seems to be done under the supervision of Child Welfare Committee. .....(ബഹളം)........ ഞാൻ മുഴുവൻ വായിക്കട്ടെ, Having regard to the fact that 588 children came to Kerala on 2 days there should be serious investigation into the matter to know the real cause or reason why such huge number of children from outside the State came to Calicut and Palakkad and not even to the Capital Thiruvananthapuram or popular city Kochi. Rest of children, though are enquired into by Child Welfare Committee, they must be handed over the parents or lawful guardians under the supervision of respective District Collectors. അതാണ് ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. Whenever such procedure is accomplished, the same must be brought to the notice of the Court by way of report of those District Collectors, giving all the details. We also direct 2nd respondent to place on record from time to time investigation being undertaken by the Crime Branch in this regard. കാര്യമാത്ര പ്രസക്തമായി ഇക്കാര്യത്തിൽ എന്തൊക്കെ ചെയ്യുന്നുവോ അത് കോടതിയെ അറിയിക്കണമെന്ന് പറയുന്ന ഒരു ഓർഡർ വച്ച് കോടതി അങ്ങനെ ചെയ്തു, ഇങ്ങനെ ചെയ്തുവെന്ന് പറയുന്നത് ശരിയല്ല. സബ്ജുഡീസ് ആയതുകൊണ്ടാണ് കേസ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറയാത്തത്. ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയം ഓപ്പണായി ചർച്ച ചെയ്യേണ്ട കാര്യമില്ല. നിയമം നിയമത്തിന്റെ

വഴിക്ക് പോകുന്നതിന് ഈ ഗവൺമെന്റിന് യാതൊരു തരത്തിലുള്ള പ്രശ്ന വുമില്ല. അതേ സമയം ഇവിടെ വലിയ പുകമറ സൃഷ്ടിച്ചുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മനുഷ്യക്കടത്ത് നടത്തുന്നുവെ ന്നുള്ള രീതിയിൽ ...........(ബഹളം)............ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞതനുസരിച്ച് മുക്കം ഓർഫനേജിലേക്ക് കുട്ടികൾ വരാൻ തുടങ്ങുന്നത് 2009-10 കാലഘട്ടം മുതലാണ്. ആ കാലഘട്ടത്തിൽ വന്ന കുട്ടികൾക്ക് ഒരു രേഖയുമില്ലായിരുന്നു. കാരണം അന്ന് രേഖകൾ ആവശ്യമില്ലായിരുന്നു. അന്ന് വന്ന കുട്ടികൾക്ക് രേഖ ഉണ്ടാക്കിക്കൊടുക്കുന്ന ജോലി കൂടി ഇപ്പോ ഴത്തെ ഗവൺമെന്റിനുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടമായ 2008-ൽ രേഖയില്ലാതെ പല സ്ഥലത്തും എത്തിയ കുട്ടികൾക്ക് രേഖ ഉണ്ടാക്കണമെന്ന ഓർഡർ 2013-ൽ ഇറക്കിയതാണോ ഞാൻ ചെയ്ത തെറ്റ്. ഝാർഖണ്ഡിൽ നിന്നുള്ള കുട്ടികൾ കേരളത്തിൽ എത്താൻ തുടങ്ങിയത് 2008 മുതലാണ്. അതിനുമുമ്പ് ഓർഫനേജുകൾ ഈ രാജ്യത്ത് ചെയ്തിട്ടുള്ള കാര്യങ്ങളെ ചെറുതായി കാണാൻ കഴിയുമോ; അതുകൊണ്ടുതന്നെ, നിമയസഭയിൽ ചർച്ച ചെയ്യുമ്പോഴും വിദ്യാഭ്യാസത്തിനായി കുട്ടികൾ കേരളത്തിൽ എത്തുന്നതിന്റെ കുഴപ്പം ഡെസ്റ്റിനേഷന്റേതല്ല. അത് സ്രോതസ്സിന്റെ കുഴപ്പമാണ്. പല സംസ്ഥാനങ്ങളിലും വളരെ ദയനീയമായ അവസ്ഥയുള്ള കുട്ടികളെ അവരുടെ ഗവൺമെന്റ് സംരക്ഷിക്കാത്ത സാഹചര്യത്തിലാണ് ഭക്ഷണ ത്തിനും ജോലിക്കുമൊക്കെയായി ഇവിടെയെത്തുന്നത്. ബംഗാളിൽനിന്നും കേരളത്തിൽ ജോലിക്ക് വരുന്നവരെ മനുഷ്യക്കടത്തിന്റെ കൂട്ടത്തിൽപ്പെടു ത്താൻ കഴിയുമോ? മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുട്ടികൾ കേരളത്തിൽ പഠിക്കാൻ വരണ്ടെന്നുള്ള നിയമം പാസ്സാക്കുന്നുണ്ടെങ്കിൽ ഞങ്ങളും കൂടെ നിൽക്കാം. ആ നിയമം ഇല്ലാത്ത കാലത്തോളം അന്യസംസ്ഥാനങ്ങളിലെ

കുട്ടികൾക്ക് ഇവിടെയും ഇവിടെയുള്ള കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളിലും പോയി പഠിക്കാം. ഞാൻ ബാംഗ്ലൂരിൽ പഠിച്ചതുകൊണ്ട് എന്റെ പിതാവ് എന്നെ മനുഷ്യക്കടത്ത് നടത്തിയതാണെന്ന് പറയാൻ കഴിയുമോ? പല ആളുകളും പല സ്ഥലത്തും പോയി പഠിക്കുന്നവരാണ്. ഒരു കാര്യത്തിൽ ഞാൻ ഉറപ്പുതരാം.

ശ്രീ. സി. ദിവാകരൻ : സർ, ഒന്നു വഴങ്ങാമോ?

ഡോ. എം. കെ. മുനീർ : അങ്ങേയ്ക്ക് വഴങ്ങാതിരിക്കാൻ മാത്രം അങ്ങ് എന്നോട് ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് വഴങ്ങിത്തരും. ഇതൊരു പാഠം എന്നുള്ള നിലയ്ക്ക്, ഇനി ഓർഫനേജുകളിലേക്ക് പഠനത്തിനായി വരുന്ന കുട്ടികളുടെ കാര്യങ്ങൾ കർശനമായി നോക്കുന്നതിനായി മൂന്നംഗ സമിതിയെ നിയമിച്ചിട്ടുണ്ട്. അവർ എല്ലാ ഓർഫനേജുകളിലും പോയി, 2008 മുതൽ വന്നിട്ടുള്ള കുട്ടികൾക്ക് രജിസ്ട്രേഷൻ പ്രോപ്പറാക്കി കൊടുക്കുകയാണ്. ചില സ്ഥലങ്ങളിൽ ഓർഫനേജും അഗതിമന്ദിരങ്ങളുമുണ്ട്. രക്ഷിതാക്കൾ എന്നാൽ പിതാക്കൾ എന്ന് അർത്ഥമില്ല. കേരളത്തിലുള്ള അനാഥരായ കുട്ടികൾക്ക് മാത്രമേ ഇവിടെ നിന്നും ഗ്രാന്റ് അനുവദിക്കുന്നുള്ളൂ. അത് എന്റെ ഓർഡറിലുള്ള കാര്യമാണ്. If such persons are admitted, the recognized should bear the entire expenditure for maintenance and no fund will be provided by the State Government. ഇവിടെ പൈസ വാങ്ങിയതിനെക്കുറിച്ചുപറഞ്ഞു. 2008, 2009, 2010 വർഷങ്ങളിൽ വാങ്ങിയിട്ടുള്ളതാണ്. സാധാരണ അഡ്വാൻസായിട്ടാണ് ഗ്രാന്റ് കൊടുക്കുന്നത്. അങ്ങനെ അഡ്വാൻസായി കൊടുത്ത ഗ്രാന്റ് അടുത്ത വർഷത്തിൽ 37 ലക്ഷം രൂപ തിരിച്ചുപിടിച്ചു. ഇപ്പോൾ ഗവൺമെന്റിന്റെ ഒരു

പൈസയും ഒരു ഓർഫനേജിന്റെ കൈവശവും അനധികൃതമായിട്ടില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. ഇതെല്ലാം നോക്കുമ്പോഴും ട്രെയിനിൽ ആളുകൾ എപ്പോൾ എങ്ങനെ കയറുന്നുവെന്നുള്ള വിവരം ഞാൻ എങ്ങനെയാണ് കണ്ടുപിടിക്കുന്നത്. അവർ ഇവിടെയെത്തി പോലീസ് പിടിക്കുമ്പോൾ മാത്ര മാണ് അറിയാൻ കഴിയുന്നത്. അങ്ങനെ അറിയാൻ എന്തെങ്കിലും മെക്കാ നിസമുണ്ടോ? പിന്നെ ചെയ്യാൻ കഴിയുന്നത്, കുട്ടികൾ പുറപ്പെടുന്നതിനു മുമ്പ് ഇത്ര കുട്ടികളെ കൊണ്ടുവരുന്നുണ്ടെന്ന് ഓർഫനേജുകൾ അറിയിച്ചാൽ ഡിപ്പാർട്ടുമെന്റിന്റെ ഒരാൾ അവിടെ പോയി അവരെ കൂട്ടിക്കൊണ്ടുവരാം. രണ്ടുകാര്യങ്ങളിൽ ഒന്നാമതായി, ഇങ്ങനെ കുട്ടികളെ കൊണ്ടുവരുന്നതിന്റെ മറവിൽ മനുഷ്യക്കടത്ത് മറ്റാരെങ്കിലും നടത്തുന്നുണ്ടെങ്കിൽ അതുപോലും ഇല്ലാതാക്കാനാണ് ഈ നിയമങ്ങൾ കൊണ്ടുവന്നിട്ടുള്ളത്. മനുഷ്യക്കടത്ത് ഈ രാജ്യത്ത് ഒരു തരത്തിലും നടക്കാതിരിക്കാൻ വേണ്ട എല്ലാ കാര്യങ്ങളും ഉത്തരവാദിത്ത ബോധത്തോടുകൂടി ഇവിടെ ചെയ്യുന്നുണ്ട്. രണ്ടാമതായി, ഈ പറയുന്ന കാര്യങ്ങളിൽ നിബന്ധനവച്ച് കുട്ടികൾക്ക് ഇവിടെവന്ന് പഠിക്കാ നുള്ള സൗകര്യം ചെയ്തുകൊടുക്കും. പഠിത്തം ഒരു തരത്തിലും ഇല്ലാതാ ക്കാൻ അനുവദിക്കില്ല. ഝാർഖണ്ഡ് ഗവൺമെന്റ് പറഞ്ഞതുകൊണ്ട് കേൾക്ക ണമെന്നില്ല. രക്ഷിതാക്കളാണ് അക്കാര്യം തീരുമാനിക്കേണ്ടത്. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നാൽ, ഇവിടത്തെ കുട്ടികൾ ഇവിടെത്തന്നെ പഠിക്കണമെന്ന നിയമം വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് കൊണ്ടുവരാൻ കഴി യുമോ? അത് തീരുമാനിക്കേണ്ടത് രക്ഷിതാക്കളല്ലേ?

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ഞങ്ങൾക്ക് എതിരെ പറയേ ണ്ട, ഇത് അനധികൃത കുടിയേറ്റവും മനുഷ്യക്കടത്തുമാണെന്ന് പറഞ്ഞത് നിങ്ങളുടെ ആഭ്യന്തര വകുപ്പുമന്ത്രിതന്നെയാണ്.

ഡോ. എം. കെ. മുനീർ: സർ, നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെയെന്ന് ഞാൻ പറഞ്ഞല്ലോ, മാത്രമല്ല ജുഡീഷ്യറിയുടെ മുന്നിലുള്ള കാര്യത്തെക്കുറിച്ച് ഞാൻ ഡിസ്ക്കസ് ചെയ്യുന്നില്ല. നിയമത്തിന്റെ കൂടെ മാത്രമേ ഈ ഗവൺമെന്റ് ഉണ്ടാവുകയുള്ളൂ, നിയമലംഘനത്തിന്റെ കൂടെ ഗവൺമെന്റ് ഉണ്ടാവുകയില്ലയെന്ന കാര്യം ഞാൻ ഉറപ്പിച്ച് പറയാം. പിന്നെ മുക്കം ഓർഫനേജിൽ ഞാൻ ഒരു യോഗം വിളിച്ചുചേർത്തുവെന്ന് അങ്ങ് പറഞ്ഞു. ഈ രാജ്യത്ത് ആരുമായിട്ടും ഞാൻ സംസാരിക്കാൻ പാടില്ലേ, ഒരാൾ പരാതിയുമായി വന്നുകഴിഞ്ഞാൽ ആ പരാതി കേൾക്കണ്ടേ, ആ പരാതിയുടെ തീരുമാനമെന്താണെന്ന് അങ്ങ് അറിഞ്ഞോ; ഞാൻ ഈ ജി. ഒ. പിൻവലിച്ചോ? ഞാൻ ഈ ജി. ഒ. ഒന്നുകൂടി കർശനമാക്കാനാണ് പറഞ്ഞിട്ടുള്ളത്. വില്ലേജ് ഓഫീസർ സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യണമെന്നുള്ളത് ഒരു തഹസീൽദാർ എങ്കിലും ആയിക്കോട്ടേയെന്നാണ് ഞങ്ങൾ പറയുന്നത്. ഉത്തരേന്ത്യയിലൊക്കെ ഒരു കളക്ടറെ കാണാൻ പോകണമെങ്കിൽ മണിക്കൂറുകളോളം സഞ്ചരിക്കണം. അതുകൊണ്ടാണ് സർട്ടിഫിക്കേറ്റ് വില്ലേജ് ഓഫീസിൽനിന്നുമതിയെന്ന് തീരുമാനിച്ചത്. ഒരേ സീൽ ഒരു സ്ഥലത്തുനിന്നുകിട്ടിയെന്നുപറഞ്ഞു. ഒരേ വില്ലേജിൽനിന്നുവരുന്നത് ഒരു വില്ലേജ് ഓഫീസർക്കു മാത്രമേ ഒപ്പിടാൻ സാധിക്കുകയുള്ളൂ. പലപല വില്ലേജ് ഓഫീസർക്ക് ഒപ്പിടാൻ പറ്റില്ല. ഇതെല്ലാം അന്വേഷിക്കട്ടെ, അന്വേഷിച്ചിട്ട് എന്ത് പ്രശ്നമുണ്ടോ ആ ഓർഫനേജിന്റെമേൽ നമുക്ക് നടപടിയെടുക്കാം. അതിനെന്തിനാണ് ഭയപ്പെടുന്നത്, നമ്മൾ തുറന്ന ചർച്ചയല്ലേ ഇവിടെ ചെയ്യുന്നത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, സർട്ടിഫിക്കറ്റ് ഒപ്പിട്ടിരിക്കുന്നത് ഒരേ വില്ലേജ് ഓഫീസർ എന്നല്ല, കുട്ടികളുടെ അപേക്ഷകൾ ഒപ്പിട്ടിരിക്കുന്നത് ഒരാളാണ് എന്നാണ് ഇവിടെ പറഞ്ഞത്.

ഡോ. എം. കെ. മുനീർ: സർ, അതും അന്വേഷിക്കട്ടെ. ആരെങ്കിലും ഏജന്റായി നിൽക്കുന്നുണ്ടെങ്കിൽ അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരട്ടെ. നമുക്ക് എന്തിനാണ് ഏജന്റിനോട് താൽപ്പര്യം? ഓർഫനേജിന്റെ പരിശുദ്ധത ഇവിടെ നിലനിർത്തണം, ഇതിന്റെ മറവിൽ മനുഷ്യക്കടത്ത് ആരെങ്കിലും നടത്തുന്നുണ്ടെങ്കിൽ അതില്ലാതാക്കണം അതൊക്കെയാണ് നമുക്ക് വേണ്ടത്. പക്ഷേ അതിന്റെ പേരിൽ ഓർഫനേജുകളെ മൊത്തത്തിൽ തള്ളിപ്പറയുന്ന ഒരു അവസ്ഥയിലേക്ക് പോകുന്നത് ഇവിടത്തെ സാമൂഹിക വ്യവസ്ഥിതിയെ ബാധിക്കുന്ന ഒരു വലിയ പ്രശ്നമായി മാറുമെന്ന് മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പ്രസംഗത്തിനിടയിൽ ഞാൻ യോഗം വിളിച്ചുചേർത്ത് വകുപ്പ് മാറ്റാൻ തീരുമാനമെടുത്തുവെന്നൊക്കെ പറഞ്ഞു. അത് ഞങ്ങളുടെ...

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രതിപക്ഷ ഉപനേതാവ് എന്നെക്കുറിച്ച് ചില പരാമർശങ്ങൾ നടത്തുകയുണ്ടായി. അത് വാസ്തവവിരുദ്ധമാണ്. ഞാൻ ഇതുമായി ബന്ധപ്പെട്ട് എറണാകുളത്ത് ഒരു പത്രസമ്മേളനം നടന്നുകൊണ്ടിരിക്കുമ്പോൾ പത്രപ്രവർത്തകർ ഒരു ചോദ്യം എന്നോട് ചോദിച്ചതിന് മറുപടിയായി, ഈ ദുരിതമനുഭവിക്കുന്ന പ്രദേശങ്ങളിൽ പോയി സാമൂഹികക്ഷേമതാൽപ്പര്യമുള്ള ആളുകൾ ഓർഫനേജുകൾ നടത്തുന്നത് നന്നായിരിക്കുമെന്നൊരു സദുദ്ദേശപരമായ ഒരു പരാമർശമാണ് ഞാൻ നടത്തിയത്. ഈ സംഭവത്തെ സംബന്ധിച്ച് മനുഷ്യക്കടത്താണെന്ന് ഞാൻ ഒരിടത്തും പറഞ്ഞിട്ടില്ല. അത് തെളിയിക്കാമോയെന്ന് ഞാൻ ചോദി

ക്കുകയാണ്? ഇങ്ങനെയൊരു സംഭവമുണ്ടായത് പോലീസിനെ അറിയിച്ച സാഹചര്യത്തിൽ റെയിൽവേ പോലീസാണ് ഇത്രയും കുട്ടികളെ കേരളത്തിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ കൊണ്ടുവന്നിട്ടുണ്ടെന്നുള്ള വിവരം അറിയിക്കുന്നത്. റെയിൽവേ പോലീസ് ലോക്കൽ പോലീസിനെ അറിയിക്കുകയും പോലീസ് അവിടെ ചെല്ലുകയും ചെയ്തു. ആ സന്ദർഭത്തിലാണ് സി.ഡബ്ല്യു.സി (ചൈൽഡ് വെൽഫയർ കമ്മിറ്റി) ഇതിൽ കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ടത്. ഒലവക്കോട് റെയിൽവേ പോലീസ് സബ് ഇൻസ്പെക്ടറാണ് കേസ് എടുത്തത്. അങ്ങ് ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ആളാണ്, ഒരു സംഭവമുണ്ടായാൽ എഫ്. ഐ.ആർ. തയ്യാറാക്കുന്നതിന് ആഭ്യന്തര വകുപ്പുമന്ത്രിയോട് ചോദിക്കേണ്ട ആവശ്യമുണ്ടോ? അങ്ങനെ അവർ കേസ്സെടുത്ത് നടപടികളുമായി മുന്നോട്ടു പോയി. ഇത് രണ്ട് സംസ്ഥാനങ്ങൾ തമ്മിൽ ബന്ധമുള്ള കേസ്സായതുകൊണ്ട് ഈ കേസ് ക്രൈംബ്രാഞ്ചിന് ഡി.ജി.പി.തന്നെ ട്രാൻസ്ഫർ ചെയ്തുകൊടുത്തു. അതുകൊണ്ട് സാമൂഹ്യനീതി വകുപ്പും ആഭ്യന്തര വകുപ്പും തമ്മിൽ യാതൊരു തർക്കവും ഇതിനകത്തില്ല. ചില നിബന്ധനകൾ ലംഘിച്ചുകൊണ്ടാണ് ഈ കുട്ടികൾ ഇവിടെ വന്നത്. പലർക്കും റെയിൽവേ ടിക്കറ്റ് ഇല്ലായിരുന്നു. അതുകൊണ്ടാണ് സി.ഡബ്ല്യു.സി. പോലീസിനോട് കേസ്സെടുക്കണമെന്ന് ആവശ്യപ്പെട്ടത്. അവരുടെ ശുപാർശയനുസരിച്ചാണ് കേസ്സെടുത്തിട്ടുള്ളത്. ആ കേസ് ക്രൈം ബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുകയാണ്. ക്രൈം ബ്രാഞ്ച് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ക്രൈം ബ്രാഞ്ചിന്റെ അന്വേഷണം പൂർത്തിയായതിനുശേഷം മാത്രമേ ഈ കാര്യത്തെ സംബന്ധിച്ചുള്ള വ്യക്തമായ വിവരങ്ങൾ പുറത്തുവരികയുള്ളൂ. സബ്ജുഡീസ് ആയതുകൊണ്ടാണ് കൂടുതൽ കാര്യങ്ങൾ പറയാത്തത്. ഈ കേസുമായി ബന്ധ

പ്പെട്ട് ഒരു തരത്തിലുള്ള അഭിപ്രായവ്യത്യാസവും സാമൂഹ്യ നീതി വകുപ്പും ആഭ്യന്തരവകുപ്പും തമ്മിലില്ല. നിയമപരമായ കാര്യങ്ങൾ ചെയ്യാൻ ഗവൺമെന്റ് ബാധ്യസ്ഥമാണ്. സർക്കാർ നിയമാനുസൃതമായ നടപടികളുമായി മുന്നോട്ടുപോകും. ആഭ്യന്തര വകുപ്പ് എടുക്കേണ്ട എല്ലാ നടപടികളും ഇക്കാര്യത്തിൽ എടുത്തിട്ടുണ്ട്. വകുപ്പുകൾ തമ്മിൽ യാതൊരു തർക്കവുമില്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):</u> സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞകൂട്ടത്തിൽ മുഖ്യമന്ത്രി യോഗം വിളിച്ചുകൂട്ടി വകുപ്പ് മാറ്റാൻ തീരുമാനിച്ചുവെന്ന് പറഞ്ഞു. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ആ ഒരു ശൈലി യു.ഡി.എഫ്. ഗവൺമെന്റിനില്ല എന്നറയിക്കാൻ ആഗ്രഹിക്കുകയാണ്. നിയമം നിയമത്തിന്റെ വഴിക്കെന്ന് പറഞ്ഞതുപോലെതന്നെ ഇപ്പോൾ ഇവിടെ സാമൂഹ്യ നീതി വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും കാര്യങ്ങൾ വിശദീകരിച്ചു. എഫ്.ഐ.ആർ. തയ്യാറാക്കുന്നത് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞിട്ടാണോ? സി.ഡബ്ല്യു.സി. പോലീസിന് കൊടുത്ത രേഖ എന്നെ കാണിച്ചു. അതിൽ കേസ്സെടുക്കാൻ ഉത്തരവായിരിക്കുന്നു, അവർ കേസ്സെടുക്കാൻ ഉത്തരവ് കൊടുത്തിരിക്കുകയാണ്. അവർ ആവശ്യപ്പെടുകയല്ല ചെയ്തത്, മതിയായ രേഖകളും ടിക്കറ്റുകളുമില്ലാത്തതുകൊണ്ട് ഇത് അതീവ ഗുരുതരമായ മനുഷ്യകടത്തായി സി.ഡബ്ല്യു.സി. മനസ്സിലാക്കുകയും നിയമനടപടികളെടുക്കാൻ ഉത്തരവിടുകയുമാണുണ്ടായത്. ഇതിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ. തയ്യാറാക്കിയതേയുള്ളൂ. ഇതിൽ ഒരു ആശയക്കുഴപ്പവുമില്ല, അഭിപ്രായ വ്യത്യാസവുമില്ല നിയമം നിയമത്തിന്റെ വഴിക്കുപോകും. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ,

അങ്ങ് 4-ാം തീയതി ഒരു സ്റ്റേറ്റ്മെന്റ് ഇറക്കി. അതിനോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസമില്ല. എന്താണ് അങ്ങ് പറഞ്ഞിരിക്കുന്നത്, 'കുട്ടികളെ കൊണ്ടുവരുന്നത് മനുഷ്യക്കടത്തായി വിലയിരുത്തുന്നത് ശരിയല്ല, അനധികൃത കുടിയേറ്റമായി കാണാനാവില്ല, അന്യസംസ്ഥാനങ്ങളിൽ നിന്ന് നമ്മുടെ നാട്ടിലേക്ക് കുട്ടികളെ കൊണ്ടുവരരുതെന്ന് പറയാനാവില്ല, നമ്മുടെ നാട്ടിൽനിന്ന് എത്ര ആയിരങ്ങൾ മറ്റ് സംസ്ഥാനങ്ങളിൽ പഠിക്കാൻ പോകുന്നുണ്ട്, ബംഗ്ലാദേശിൽനിന്ന് നുഴഞ്ഞുകയറ്റക്കാർ വരുന്നതുപോലെ ഇക്കാര്യം കാണരുത്, മറ്റിടങ്ങളിൽനിന്ന് കുട്ടികളെ കൊണ്ടുവരുമ്പോൾ നിയമപരമായ നടപടിക്രമങ്ങളെല്ലാം പാലിക്കണം, ഏതെങ്കിലും സ്ഥാപനം നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവ നിയമസംവിധാനത്തിലേക്ക് കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കണം, അല്ലാതെ എല്ലാ സ്ഥാപനങ്ങളെയും ഒരുപോലെ മുദ്രകുത്തരുത്', ഇതുതന്നെയാണ് എനിക്കും നിങ്ങളോട് പറയാനുള്ളത്. വിവരം കൊടുക്കുന്ന ആൾ പറയുന്നതനുസരിച്ച് ഈ കേസിൽ എഫ്.ഐ.ആർ. തയ്യാറാക്കി. വിവരങ്ങൾ ശരിയാണോയെന്ന് അന്വേഷിച്ച് ശരിയെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമനടപടിയുമായി മുമ്പോട്ടുപോകും. തെറ്റെന്ന് കണ്ടാൽ അതിൽ തിരുത്തൽ വരും. ഇതിപ്പോൾ പോലീസ് അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്, അതുകൊണ്ട് വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. പക്ഷേ ഇതിനോടകമുള്ള അന്വേഷണത്തിൽ ഇവിടെ ചില വീഴ്ചകൾ ഉണ്ടായിട്ടുണ്ട്, നടപടിക്രമങ്ങളിൽ പിശകുണ്ടായിട്ടുണ്ട്. എന്നാൽ അതൊക്കെ പോലീസ് അന്വേഷിച്ച് എന്താണെന്നുള്ളത് തീരുമാനിക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശിശുക്ഷേമ വകുപ്പുമന്ത്രി ശ്രീമതി മേനകാ ഗാന്ധി ഇത് മനുഷ്യക്കടത്താണെന്ന് പറഞ്ഞിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ റിപ്പോർട്ട് കിട്ടാതെയാണോ കേന്ദ്രമന്ത്രി ഇങ്ങനെ ഒരു പ്രസ്താവന ചെയ്തത്?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇവിടെനിന്നും ഒരു റിപ്പോർട്ടും പോയിട്ടില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഭിപ്രായം പറഞ്ഞല്ലോ. വല്ല റിപ്പോർട്ടും ഞങ്ങൾ തന്നിട്ടാണോ, അല്ലല്ലോ. അങ്ങ് പറഞ്ഞല്ലോ ഇത് മനുഷ്യക്കടത്തല്ലെന്ന്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അനധികൃത കുടിയേറ്റത്തെ കടത്ത് എന്നുപറയുന്നത് ശരിയല്ലെന്നാണ് ഞാൻ പറഞ്ഞത്. മറ്റ് സംസ്ഥാന ങ്ങളിൽനിന്ന് കുട്ടികൾ വന്നുപഠിക്കുന്നത് കടത്തായി ഞങ്ങൾ പറയുന്നില്ല. ബംഗ്ലാദേശിൽനിന്നും വരുന്നതുപോലെ കാണേണ്ട കാര്യമില്ല. പക്ഷെ കേന്ദ്ര മന്ത്രി ഒരു പ്രസ്താവന നടത്തുമ്പോൾ സംസ്ഥാന ഗവണ്മെന്റിന്റെ റിപ്പോർട്ട് കിട്ടാതെ എങ്ങനെ കേന്ദ്രം പ്രസ്താവന നടത്തും? സംസ്ഥാന ഗവണ്മെന്റ് റിപ്പോർട്ട് അയയ്ക്കതെയാണ് കേന്ദ്രം ഇങ്ങനെ പ്രസ്താവന നടത്തിയതെ ങ്കിൽ അതിനെ ശക്തമായി എതിർക്കണം.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ആ കാര്യത്തിൽ നമുക്ക് ഒന്നിക്കാം. ഇവിടെ ഓർഫനേജുകൾ പലതും വളരെ അന്തസ്സായി വലിയ സേവനങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങളാണ്. അവരെ ഒന്നടങ്കം ആക്ഷേപിക്കുന്നത് ശരിയല്ല. ........... (ബഹളം)........ഇവിടെ ഇപ്പോൾ അതാണ് നടക്കുന്നത്. ശ്രീ. കോടി യേരി ബാലകൃഷ്ണന്റെ ഈ സ്റ്റേറ്റുമെന്റ് ആ അർത്ഥത്തിലല്ല, നല്ല നില യിൽത്തന്നെയുള്ളതാണ്. പക്ഷെ ആ സ്റ്റേറ്റ്മെന്റിന്റെ ധ്വനിയാണോ ഇവിടെ

വന്നപ്പോൾ പറയുന്നത്. ഇത് ശരിയാണോ? ഇതിനകത്ത് നമ്മൾ രാഷ്ട്രീയത്തിനപ്പുറത്തേക്ക് മനുഷ്യത്തം കാണണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ശ്രീമതി മേനകാ ഗാന്ധിക്ക് ഈ വിവരം എങ്ങനെ കിട്ടി, എവിടെനിന്നു കിട്ടി?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ശ്രീമതി മേനകാ ഗാന്ധിയുടെ വക്കാലത്ത് എനിക്കില്ലാത്തതുകൊണ്ട് അതിന് മറുപടി പറയാൻ ഞാൻ ബാധ്യസ്ഥനല്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് രാഷ്ട്രീയം കാണാതെയാണ് ഈ സ്റ്റേറ്റ്മെന്റ് ഇറക്കിയത്. പക്ഷെ ഇവിടെ വന്നപ്പോൾ അതിൽ രാഷ്ട്രീയം കലർത്താനാണ് നോക്കിയത്. ഇവിടെ രാഷ്ട്രീയത്തിനതീതമായി മനുഷ്യത്തം വേണം. നമ്മളൊക്കെ ഓർഫനേജിൽ പോയി കുട്ടികളെ കണ്ടിട്ടില്ലേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഞങ്ങളുടെ നിലപാട് ആ സ്റ്റേറ്റ്മെന്റിൽ പറഞ്ഞതുതന്നയാണ്. പക്ഷെ അതിന് വ്യത്യസ്തമായി ആഭ്യന്തര വകുപ്പുമന്ത്രി പ്രസ്താവന നടത്തിയതോടുകൂടിയാണ് വർഗ്ഗീയ ശക്തികൾക്ക് മുതലെടുക്കാൻ അവസരം കിട്ടിയത്. അതാണ് അങ്ങ് പറയേണ്ട കാര്യം.

അഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഞാൻ എന്ത് പ്രസ്താവന ചെയ്തു എന്നാണ് പറയുന്നത്; മനുഷ്യക്കടത്താണെന്ന് എവിടെയെങ്കിലും പറഞ്ഞോ? ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല ........(ബഹളം).....വസ്തുതകൾ വളച്ചൊടിക്കരുത്. ഒരു പത്രലേഖകന്റെ ചോദ്യത്തിന് മറുപടിയായി സദുദ്ദേശപരമായി ഞാൻ പറഞ്ഞത് ഇത്തരം ക്ഷേമ കാര്യങ്ങളിൽ താല്പര്യമുള്ളവർക്ക് അന്യസംസ്ഥാനങ്ങളിൽ പോയി നടത്താം. അത് പലരും നടത്തുന്നുമുണ്ട്. അതിന്റെ അർത്ഥം കേരളത്തിലെ

അനാഥാലയങ്ങൾ മുഴുവൻ മനുഷ്യക്കച്ചവടം നടത്തുന്നുവെന്ന് ഞാൻ പറഞ്ഞുവെന്ന് നിങ്ങൾ പറഞ്ഞാൽ കേരളം വിശ്വാസിക്കുമോ? ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. I challenge you. ഞാൻ പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് പറയരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ഇത് ഞാനല്ല പറഞ്ഞത്. മുസ്ലീം ലീഗിന്റെ സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ്, ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ, ഇവരുടെ പ്രസ്താന വായിച്ചുനോക്കണം..

ശ്രീ. രമേശ് ചെന്നിത്തല: സർ, മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ് പറഞ്ഞ വാചകം ആഭ്യന്തര വകുപ്പുമന്ത്രി സദുദ്ദേശ പരമായിട്ടാണ് പറഞ്ഞത് എന്നാണ്. അല്ലാതെ ആഭ്യന്തര വകുപ്പിനെ വിമർശിച്ചുകൊണ്ട് പറഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, അങ്ങ് ഇങ്ങനെ പറഞ്ഞുവെന്നുപറഞ്ഞുകൊണ്ട് മുസ്ലീംലീഗ് പ്രകടനം നടത്തിയില്ലേ? അങ്ങ് എന്തുകൊണ്ട് നിഷേധിച്ചില്ല?

ശ്രീ. രമേശ് ചെന്നിത്തല: സർ, മുസ്ലീംലീഗ് പ്രമേയം പാസ്സാക്കിയിട്ടില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ആഭ്യന്തര വകുപ്പുമന്ത്രിയുടെമേൽ പഴിചാരി അങ്ങ് ഇവിടെ നടത്തിയ പ്രസംഗത്തിൽനിന്ന് തലയൂരാൻ ശ്രമിക്കുകയാണ്. ആഭ്യന്തര വകുപ്പുമന്ത്രി എഫ്. ഐ.ആർ. ഇട്ടു എന്നുള്ളത് ശരിയാണ്. എഫ്.ഐ.ആർ. ഇടാൻ ഇടയായ സാഹചര്യം ഞാനിവിടെ വായിച്ചു. സി.ഡബ്ല്യൂ.സി.-യിൽ നിന്നുകിട്ടിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കേസ്സെടുത്തു. ആ കേസ് അന്വേഷിക്കുകയാണ്. അന്വേഷണത്തിൽ ശരിയേത്, തെറ്റേത് എന്ന് കണ്ടിട്ട് നടപടി

എടുക്കും. പക്ഷെ എനിക്ക് പറയാനുള്ളത് ഇതിന്റെ പേരിൽ ഇവിടെ നടക്കുന്ന വലിയ സേവനദൗത്യത്തെ നിങ്ങൾ തകർക്കരുത് എന്നാണ്. നിങ്ങൾ ആഭ്യന്തര വകുപ്പുമന്ത്രിയെ പഴിചാരി രക്ഷപ്പെടാൻ നോക്കണ്ട. അദ്ദേഹം അത് പറഞ്ഞിട്ടില്ല. എഫ്.ഐ.ആർ. ഇട്ടതിന്റെ പേരിലാണ് ഈ ബഹളം കാണിക്കുന്നത്. എഫ്.ഐ.ആർ. ഇട്ട സാഹചര്യം എല്ലാവേർക്കും വ്യക്തമാണ്. ഗവണ്മെന്റിന് എന്തുചെയ്യണമെന്ന് അറിയില്ല. ഗവണ്മെന്റ് പക ച്ചുനിൽക്കുന്നു. ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ വിധി ഇവിടെ വായിച്ചു. ആ ജഡ്ജുമെന്റ് ഞങ്ങളുടെ കയ്യിലുണ്ട്. അതിനകത്ത് ഈ പറഞ്ഞ വാചക മൊന്നുമില്ല. ഡോ. എം. കെ. മുനീർ ഇവിടെ വായിച്ച കാര്യങ്ങൾ മാത്രമാണു ള്ളത്. അതല്ലാതെ വിധിക്കകത്ത് ഗവണ്മെന്റിനെ കുറ്റപ്പെടുത്തുകയോ ഗവ ണ്മെന്റിനെ പ്രതിസ്ഥാനത്ത് നിറുത്തുകയോ ഒന്നും ചെയ്തിട്ടില്ല. പക്ഷെ ഇവിടെ എന്തോ വലിയ കാര്യം സംഭവിച്ചിരിക്കുന്നു എന്നുപറയുന്ന അങ്ങ യോട് പറയാനുള്ളത് ഇതിൽ ആരെങ്കിലും തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അവരെ നിയമത്തിനു മുമ്പിൽ വരണം. അവർ നിയമത്തിനുമുമ്പിൽ വന്നിരി ക്കും. യാതൊരു സംശയവുമില്ല. എന്നാൽ ഇവിടെ നടക്കുന്ന വലിയൊരു സേവനദൗത്യത്തെ തകർക്കരുത്. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, വലിയ സേവനങ്ങൾ ചെയ്യുന്ന സ്ഥാപനങ്ങൾ, അനാഥരായ കുട്ടികളെ പഠിപ്പിച്ച് മിടുക്കരാക്കി സമൂഹത്തിൽ ഏറ്റവും നല്ല നിലയിൽ എത്തിച്ചിട്ടുള്ള എത്രയോ അനുഭവങ്ങൾ ഉണ്ട്. നമ്മളൊക്കെ പൊതുപ്ര വർത്തകരല്ലേ; ഇതൊക്കെ നമുക്കറിയാവുന്നതല്ലേ. ഇതിനകത്ത് ചില വീഴ്ച കൾ വന്നിട്ടുണ്ട്. ചില പോരായ്മകൾ വന്നിട്ടുണ്ട്. അത് എവിടെയൊക്കെയാ ണെന്ന് കണ്ടെത്തും, അത് തിരുത്തും. എന്നാൽ ഇതിനെ അടച്ചാക്ഷേപി ക്കുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ, അങ്ങ് ഈ പ്രസ്താവന ഇറക്കിയി

ടത്തുതന്നെ നിൽക്കണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതാണ് സമൂഹം ആഗ്രഹിക്കുന്നത്. അന്ധമായ രാഷ്ട്രീയം കൊണ്ടുവന്ന് എല്ലാത്തിനേയും എതിർക്കുന്ന സമീപനത്തിലേക്ക് പോകരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഈ വിഷയം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ബഹുമാന്യരായ മന്ത്രിമാരുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പ്രശ്നം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ചെയർ കരുതുന്നില്ല.

( അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : സർ, കേരളത്തിലെ അനാഥാലയങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ വളരെ ശ്ലാഘനീയമാണ്. എന്നാൽ ഇതിന്റെ മറവിൽ വ്യാപകമായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനാവശ്യമായ കേന്ദ്ര-സംസ്ഥാന നിയമങ്ങൾ നിലവിലുണ്ട്. ഇവയൊക്കെ സംസ്ഥാന സർക്കാരിന്റെ ഒത്താശയോടുകൂടിയാണ് നഗ്നമായി ലംഘിക്കപ്പെടുന്നത്. ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിലെടുത്ത നടപടികൾ തടസ്സപ്പെട്ടിരിക്കുകയാണ്. മുഖ്യമന്ത്രി ഇടപെട്ടാണ് ഇത് തടസ്സപ്പെടുത്തിയിരിക്കുന്നത് എന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഝാർഖണ്ഡ് മുഖ്യമന്ത്രിയുടെ പ്രസ്താവന ഇന്ന് വന്നിട്ടുണ്ട്. ഇത് മനുഷ്യക്കടത്ത് തന്നെയാണെന്നാണ് അദ്ദേഹം പറഞ്ഞിരിക്കുന്നത്. കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥരും ഇതു തന്നെയാണ് പറയുന്നത്. എന്നിട്ടും അന്വേഷണം മുന്നോട്ടുപോകുന്നില്ല. ഇത് ദുരൂഹമാണ്. ഇപ്പോൾ കുട്ടികളെ തിരിച്ച് അവരുടെ നാട്ടിലേക്കയച്ച് തടിയൂരാനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഗുരു

തരമായ നിയമലംഘനങ്ങൾ ഇതോടെ ഒതുക്കിത്തീർക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ദാരിദ്ര്യം ചൂഷണം ചെയ്ത് എട്ടുംപൊട്ടും തിരിയാത്ത കുട്ടികളെ അവരുടെ മാതാപിതാക്കളിൽനിന്നും അകറ്റിനിറുത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഒരു രീതിയിലും അംഗീകരിക്കാനാവില്ല. ഇത്തരം പ്രവർത്തനങ്ങൾ തടയാനും അത് ആവർത്തിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കാത്ത സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുകയാണ്.

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. എസ്. അച്ചുതാനന്ദനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. സി. ദിവാകരൻ : സർ, സാധാരണ ഗതിയിലുള്ള ഒരു സമീപനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവണ്മെന്റും ഈ വിഷയത്തിൽ എടുത്തത്. ഏത് അടിയന്തരപ്രമേയം കൊണ്ടുവന്നാലും ചർച്ച ചെയ്യേണ്ടതില്ല എന്നതുപോലെ ഗവണ്മെന്റിന്റെ ഒന്നുരണ്ട് ആളുകളുടെ മറുപടിയോടുകൂടി അതങ്ങ് അവസാനിപ്പിക്കാനുള്ള ഒരു വിഷയമാണോ ഇത്. ഇതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണങ്ങളുണ്ട്. വിധിയല്ല. ആ നിരീക്ഷണങ്ങളിൽതന്നെ ഗവണ്മെന്റിന് അപമാനകരമാണെന്ന ഒരു വാചകമുണ്ട്. ഇത് സാധാരണ ഒരു നിരീക്ഷണമല്ല. ഗുരുതുമായ നിയമലംഘനം നടന്നുവെന്ന് നിരീക്ഷണത്തിൽ പറയുന്നുണ്ട്. ഹൈക്കോടതിപോലും ഈ സംഭവത്തെക്കുറിച്ച് വളരെ അനിഷ്ട സംഭവം, നമുക്ക് അപമാനകരമായ സംഭവം, കേരളത്തിന് അപമാനകരമായ സംഭവം, കുട്ടികളെ അന്യനാടുകളിൽനിന്ന് ഇവിടെ കടത്തിക്കൊണ്ടുവന്ന് അവരെ സംരക്ഷിച്ച് മറ്റെന്തോ കാര്യത്തിന് ഉപയോഗി

ക്കുന്നു എന്നുള്ള സമീപനമാണ് ഇതിനകത്തുള്ളത്. ബഹുമാനപ്പെട്ട എം. കെ. മുനീർ ഇവിടെ പറഞ്ഞു, 2013–ൽ അങ്ങ് ഒരു നിയമം കൊണ്ടുവന്നതിന്റെ ഫലമായി ഇതെല്ലാം ഇപ്പോൾ ശരിയായി എന്ന്. അതിന്റെ അർത്ഥം മുൻകാലങ്ങൾ മുഴുവൻ കേരളത്തിൽ യഥേഷ്ടം ഇത് നടന്നുകൊണ്ടിരുന്നു എന്നങ്ങ് സമ്മതിക്കുകയാണ്. അതുകൊണ്ടാണ് അങ്ങിപ്പോൾ നിയമം കൊണ്ടുവന്നത്. 2013–ൽ കൊണ്ടുവന്ന നിയമം നടപ്പിലാക്കിയിട്ടില്ല. 2013–ൽ കൊണ്ടുവന്ന നിയമം ഡോ. എം. കെ. മുനീറിന്റെ വകുപ്പ് നടപ്പിലാക്കിയെങ്കിൽ അങ്ങിവിടെ പറഞ്ഞ ഝാർഖണ്ഡിൽനിന്നും ബീഹാറിൽനിന്നും ബംഗാളിൽനിന്നും 588 കുട്ടികൾ എങ്ങനെ ഇവിടെ വന്നു.

അഞ്ചു വയസ്സ് പ്രായമുള്ള കുഞ്ഞുങ്ങൾ വരെ അതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ജീവകാരുണ്യപരമായ സമീപനം ഇല്ലേ? മനുഷ്യക്കടത്ത് എന്ന കാര്യത്തിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയും ഞങ്ങളും തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. മനുഷ്യക്കടത്തിന് നിർവ്വചനമുണ്ട്. അതിൽ ഈ കുട്ടികൾ ഉൾപ്പെടുമോ ഇല്ലയോ എന്ന് പരിശോധിച്ചാൽ മതി. ഞങ്ങൾ പറഞ്ഞതുകൊണ്ട് നിങ്ങൾക്കതിൽ ക്ഷീണമുണ്ടാകേണ്ട കാര്യമില്ല. എന്തിന്റെ പേരിലാണെങ്കിലും illegal-ആയി കുട്ടികളെ കേരളത്തിൽ കൊണ്ടുവന്നു എന്നത് വസ്തുതയല്ലേ? ആ കുട്ടികൾ എങ്ങോട്ടാണ് പോകുന്നത്, എവിടെയാണ് രേഖ? രേഖയില്ലാത്തത് ഇനിയുമുണ്ടെന്ന് അങ്ങ് തന്നെ പറഞ്ഞു. ഇത് എങ്ങനെ വന്നു? വെള്ളരിക്കാപട്ടണമാണോ കേരളം? ഇവിടെ പോലീസില്ലേ, ഭരണമില്ലേ, ഗവൺമെന്റില്ലേ, പരിശോധനയില്ലേ? അതിന് സി. ഡബ്ല്യു.ഡി.സി പണ്ട് ഞങ്ങളുണ്ടാക്കിയതാണെന്നു പറഞ്ഞ് തടിതപ്പേണ്ട കാര്യമുണ്ടോ? കൊല്ലം മൂന്നു കഴിഞ്ഞില്ലേ? നിങ്ങൾ ഇതുവരെ ഉറച്ചില്ലേ?

ഇപ്പോഴും ഞങ്ങളുടെ നിഴലിൽ ചുറ്റിപ്പറ്റി രണ്ടുകൊല്ലം കൂടി കഴിയാനാണോ നോക്കുന്നത്. ഏതുകാര്യം വന്നാലും അത് ഞങ്ങളുടെ കാലത്ത് ചെയ്തു, ഒറ്റ കാര്യം പോലും നിങ്ങളുടെ കാലത്ത് ചെയ്തതില്ല. ഇത് കേരളത്തിന്റെ, ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായി വന്ന വിഷയമാണ്. അപമാനകരമായ വിഷയമാണ്. ഈ വിഷയം ചർച്ച ചെയ്യേണ്ടിവന്നത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണം വന്നതിനുശേഷമാണ്. പോലീസ് കേസെടുത്തതിന് ശേഷമാണ്. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിച്ചല്ലോ? ഞങ്ങളാണോ കേസെടുക്കാൻ പറഞ്ഞത്. സി.ഡബ്ല്യു.ഡി.സി കേസെടുക്കാൻ ഉത്തരവിട്ടിരിക്കുന്നു, ഞങ്ങളാണോ? സി.ഡബ്ല്യു.ഡി.സി മനുഷ്യക്കടത്താണെന്ന് പറഞ്ഞിരിക്കുന്നു. ഞങ്ങളാണോ പറഞ്ഞത്? കോടതിയുടെ നിരീക്ഷണമെന്താണ്? കേരളത്തിന് അപമാനകരമാണ്. ഇത് ഞങ്ങളാണോ ഉന്നയിച്ചത്? മാധ്യമങ്ങളിൽ വരുന്ന വാർത്തകളുടെ വസ്തുത കൾ, ജനങ്ങൾക്കുണ്ടാകുന്ന അപ്രിഹെൻഷൻസ് ഇതെല്ലാം നിയമസഭയിൽ ഉന്നയിക്കനല്ലാതെ ഞങ്ങൾ പിന്നെ എന്തിനാണ് ഇവിടെ വരുന്നത്?

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ...കൺക്ലൂഡ്.

ശ്രീ. സി. ദിവാകരൻ: സർ, ഇവിടെ പറയുന്നതൊന്നും വസ്തുതാ പരമല്ല. പ്രതിപക്ഷം പറയുന്ന എല്ലാ കാര്യങ്ങളെയും അടിസ്ഥാനരഹിതമായ കാരണങ്ങൾകൊണ്ട് അവർ നിഷേധിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലപ്പോഴും ഒരു വിഷയത്തിനെ ട്വിസ്റ്റ് ചെയ്ത് കൊണ്ടു വന്ന് വേറെ കാര്യങ്ങൾ പറയുകയാണ്. ജീവകാരുണ്യ പ്രവർത്തനം നടത്തുന്നതിന് ഞങ്ങളാരും എതിരല്ല. ഏത് സ്ഥാപനവും നടത്താം ഞങ്ങൾ സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നില്ല. അനാഥാലയങ്ങൾ ഇഷ്ടം പോലെ നടത്താം. അവിടെ എല്ലാ സൗകര്യങ്ങളും കൊടുക്കാം. ഞങ്ങൾകൂടി സഹായിക്കാം. ഒരു

അനാഥാലയത്തിനെതിരായോ, ഒരു യത്തീംഖാനയ്ക്കെതിരായോ ഇന്നുവരെ പ്രതിപക്ഷത്തിരിക്കുന്നവർ ഒരക്ഷരവും പറഞ്ഞിട്ടില്ല. ഒരു അപവാദവും പറഞ്ഞിട്ടില്ല. പിന്നെ എന്തിനാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഈ ആഹ്വാനം. ഞങ്ങളല്ല ഇതിന്റെ കക്ഷികൾ. കക്ഷികൾ നിങ്ങളുടെ ഇടയിൽ തന്നെയുണ്ട്.

മി. ഡെപ്യൂട്ടി സ്പീക്കർ: അഞ്ചു മിനിറ്റു കഴിഞ്ഞു. മുല്ലപ്പെരിയാർ വിഷയം ചർച്ച ചെയ്യേണ്ടതല്ലേ?

ശ്രീ. സി. ദിവാകരൻ: മുല്ലപ്പെരിയാർ വിഷയം ചർച്ചയ്ക്കു വരട്ടെ. മുല്ല പ്പെരിയാറിനെക്കാൾ പ്രധാനപ്പെട്ട മനുഷ്യജീവിതമാണ് ഇത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ

ശ്രീ. മാത്യു റ്റി. തോമസ്: സർ, വളരെ ഗൗരവകരമായ വിഷയം ഉന്നയിക്കു മ്പോൾ അതിലെ നിയമവിരുദ്ധമായ നടപടികൾ മൂടിവയ്ക്കുവാൻ വേണ്ടി ആ വിഷയങ്ങളെ പ്രതിപക്ഷത്തിനുനേരെ തിരിച്ചുവിടുക എന്ന ഭരണകക്ഷി യുടെ പ്രത്യേകിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ തന്ത്രമാണ് അദ്ദേഹം ഇവിടെ വീണ്ടും വീണ്ടും ചെയ്യുന്നത്. കേരളത്തിൽ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്കെതിരെ ഞങ്ങൾ ഒരു ശബ്ദവും ഉന്ന യിച്ചിട്ടില്ലെന്നുമാത്രമല്ല ആ പ്രവർത്തനങ്ങൾ മുന്നോട്ട് പോകണമെന്ന കാര്യ ത്തിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. അനാഥാലയങ്ങളുടെ പല പ്രവർത്ത നങ്ങളുമായി ബന്ധപ്പെട്ട് ഞാനും പ്രവർത്തിച്ചിട്ടുണ്ട്. വ്യക്തിപരമായ കാര്യ ങ്ങൾ സഭയിൽ പറയുന്നത് ശരിയല്ലെങ്കിലും എന്റെ പിതാവ് പല അനാഥാല യങ്ങളുടെയും ചുമതലക്കാരനായി പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. ഉത്തര വാദിത്തം ഏറ്റെടുത്തുകൊണ്ടാണ് പറയുന്നത്. അനാഥാലയത്തിൽ പ്രവർത്തിക്കുമ്പോൾ സ്വീകരിക്കേണ്ട നിലപാട്, അവിടെയുള്ള ആൾക്കാരെ

നോക്കുവാൻ മാതാപിതാക്കൾ, ബന്ധുക്കൾ, മക്കൾ എന്നിവർ ഉണ്ടെങ്കിൽ അവരുടെ സംരക്ഷണയിൽ എത്തിച്ചുകൊടുക്കുകയാണ് വേണ്ടത്. ആരാണ് അനാഥർ? ഒരു കുട്ടി വളർന്നു വരുമ്പോൾ ആ കുട്ടിക്ക് ഭക്ഷണം, പഠന സൗകര്യം എന്നതുപോലെ പ്രധാനപ്പെട്ടതാണ് മാതാപിതാക്കളുടെ വാൽസ ല്യവും. അമ്മയുടെ മുലപ്പാലിൽ അടങ്ങിയിരിക്കുന്ന പ്രധാനപ്പെട്ട വസ്തുത വാൽസല്യമാണ്. മാതാപിതാക്കളുള്ള അഞ്ഞൂറിലധികം കുട്ടികളെ കൂട്ട ത്തോടെ ചരക്ക് കയറ്റിയയ്ക്കുന്നതുപോലെ കേരളത്തിലേയ്ക്കെത്തിച്ച് രേഖ കളില്ലാതെ ഒരേ ആളു തന്നെ ഒപ്പിട്ട് ചരക്കുകൾ കൊണ്ടുവരുന്നതുപോലെ വാഹനത്തിൽ കൊണ്ടു വന്നു. അങ്ങനെ ഇവിടെ കൊണ്ടുവന്നതാണ് പ്രശ്നം. അവിടെയാണ് മനുഷ്യത്വരഹിതമായ അംശം അടങ്ങിയിരിക്കുന്നത് എന്ന വസ്തുത ചൂണ്ടിക്കാണിക്കുമ്പോൾ അത് അനാഥാലയത്തിനെതിരെയു ള്ള സംസാരമായി വ്യാഖ്യാനിക്കുന്നത് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. പ്രതിഷേധാർഹമായ പരാമർശങ്ങൾ നടത്തിയിരിക്കുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സർക്കാരുമാണ് എന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ഇവിടെ പ്രശ്നം, ഒരു അനാഥാലയത്തിന്റെ പ്രവർത്തനമല്ല. അനാഥരെ നോക്കാൻ വേണ്ടി പ്രവർത്തിക്കുന്ന അനാഥാലയങ്ങൾക്ക് എല്ലാ സംരക്ഷ ണവും നൽകണം. സാമ്പത്തിക സഹായം അടക്കം എല്ലാ പ്രോത്സാഹനവും നൽകണം. ചട്ടങ്ങളിൽ ആവശ്യമായ കാര്യങ്ങൾ ചേർത്തുകൊണ്ട് അംഗീകാരം കൊടുത്ത് പ്രവർത്തിക്കുവാൻ അവർക്ക് അവസരം കൊടുക്കണം. അഞ്ഞൂറ് കുട്ടികളെ കൂട്ടത്തോടെ കൊണ്ടു വരുന്നു. ഒരാൾ ഒപ്പിടുന്നു അതിലാണ് സംശയം. അങ്ങനെ കൂട്ടത്തോടെ കൊണ്ടുവന്നതിനു പിന്നിൽ മറ്റെന്തെങ്കിലും രഹസ്യ അജണ്ടയുണ്ടോ എന്ന് പരിശോധിക്കണ മെന്നാണ് പറയുന്നത്. നടപടി എടുക്കണമെന്ന് പറയുമ്പോൾ പോലീസ്

ഐ.പി.സി 370-ാം വകുപ്പ് പ്രകാരമുള്ള കേസാണ് എടുത്തത്. ആ കേസുമായി ആഭ്യന്തര വകുപ്പും പോലീസും മുന്നോട്ടു പോകുന്നു. ആ വിഷയത്തിലുള്ള മനുഷ്യത്വരഹിതമായ അംശങ്ങൾ കണ്ടെത്തി അത് പരിശോധിച്ച് അതിന് നടപടി എടുക്കണമെന്ന് പറയുമ്പോൾ അത് പ്രതിപക്ഷത്തെ ആക്രമിക്കാനുള്ള ഒരു വടിയായി ഉപയോഗിച്ചത് അങ്ങേയറ്റം പ്രതിഷേധാർഹമായിപ്പോയി. സഭ നിർത്തിവച്ച് ഇത് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

ശ്രീ. തോമസ് ചാണ്ടി: സർ, ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ വളരെ വിശദമായി ഇവിടെ കാര്യങ്ങൾ അവതരിപ്പിച്ചു. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും വളരെ വിശദമായി മറുപടിയും പറഞ്ഞു. എങ്കിലും നിയമ ലംഘനങ്ങളുൾപ്പെടെ പല ചോദ്യങ്ങളും ബാക്കി നിൽക്കുന്നതുകൊണ്ട് കേരളത്തിലെ ജനങ്ങളെ ഇതിന്റെ സത്യാവസ്ഥ ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്തം ഗവൺമെന്റിനുണ്ട്. അതുകൊണ്ട് നിയമം നിയമത്തിന്റെ വഴിക്കുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നു. വിശദമായ അന്വേഷണം വരും ദിവസങ്ങളിൽ ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നുവെങ്കിലും ഈ വിഷയം ചർച്ച ചെയ്യാൻ അവസരം നൽകാത്ത ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.